"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

പരേതനായ ഒ. ശ്രീധരന്റെ (പി.പി.ഒ നമ്പർ: CNR 10345) , 01/07/2024 മുതൽ 30/06/2026 വരെയുള്ള കാലയളവിലെ കുടുംബ പെൻഷൻ കുടിശ്ശിക ഭാര്യയായ ശ്രീമതി എ.കെ. രാജലക്ഷ്മിക്ക് അനുവദിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (പെൻഷൻ -ബി) വകുപ്പ്

സ.ഉ.(സാധാ) നം.8917/2026/FIN തീയതി,തിരുവനന്തപുരം, 20-11-2026

പരാമർശം:- ട്രഷറി ഡയറക്ടറുടെ 26/10/2026-ലെ TRY/4414/2026-P1 നമ്പർ കത്ത്

ഉത്തരവ്

കണ്ണൂർ ജില്ലാ ട്രഷറി മുഖേന ബാങ്ക് അക്കൗണ്ട് വഴി പി.പി.ഒ നമ്പർ CNR 10345 പ്രകാരം സർവീസ് പെൻഷൻ കൈപ്പറ്റി വന്നിരുന്ന ശ്രീ. ഒ. ശ്രീധരൻ 16/06/2024-ന് മരണപ്പെട്ടതായും, ടിയാന്റെ ഭാര്യയായ ശ്രീമതി എ.കെ. രാജലക്ഷ്മി 06/06/2026-ന് കുടുംബ പെൻഷനു വേണ്ടി അപേക്ഷ സമർപ്പിക്കുകയും തുടർന്ന് 01/07/2026 മുതലുള്ള കുടുംബ പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായും പരാമർശം പ്രകാരം ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.അതോടൊപ്പം ശ്രീമതി എ.കെ. രാജലക്ഷ്മിക്ക് അർഹതപ്പെട്ട 01/07/2024 മുതൽ 30/06/2026 വരെയുള്ള കാലയളവിലെ കുടുംബ പെൻഷൻ കുടിശ്ശിക തുകയായ ₹ 4,51,443/- (നാല് ലക്ഷത്തി അൻപത്തിയൊന്നായിരത്തി നാന്നൂറ്റി നാല്പത്തി മൂന്ന് രൂപ) അനുവദിക്കുന്നതിനായി തയ്യാറാക്കിയ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റും അനുബന്ധ രേഖകളും സഹിതം സർക്കാർ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒ. ശ്രീധരൻ 16/06/2024-ന് മരണപ്പെട്ട ശേഷം ഭാര്യയായ ശ്രീമതി എ.കെ. രാജലക്ഷ്മി മൂന്ന് വർഷത്തിനകം തന്നെ (06/06/2026-ന്) കുടുംബ പെൻഷന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ ടിയാൾക്ക് പ്രസ്തുത കാലയളവിലെ കുടിശ്ശികയ്ക്ക് അർഹതയുണ്ട്. ആയതിനാൽ, കുടിശ്ശിക തുകയുടെ കൃത്യത ട്രഷറി ഡയറക്ടർ ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിന്മേൽ, 01/07/2024 മുതൽ 30/06/2026 വരെയുള്ള കാലയളവിലെ കുടുംബ പെൻഷൻ

കടിശ്ശികയായ ₹4,51,443/- (നാല് ലക്ഷത്തി അൻപത്തിയൊന്നായിരത്തി നാന്നൂറ്റി നാല്പത്തി മൂന്ന് രൂപ) 2026 നവംബർ മാസം മുതൽ നാല് തുല്യ പ്രതിമാസ ഗഡുക്കളായി ശ്രീമതി എ.കെ. രാജലക്ഷ്മിക്ക് പ്രതിമാസ കുടുംബ പെൻഷനോടൊപ്പം വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASANKAR K G

അഡിഷണൽ സെക്രട്ടറി

പകർപ്പ് :-

1.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) ,കേരളം ,തിരുവനന്തപുരം

2.അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് -II) ,കേരളം ,തിരുവനന്തപുരം

3. അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം

4.ഡയറക്ടർ ,ട്രഷറി ഡയറക്ടറേറ്റ്,പട്ടം,പട്ടം പാലസ് പി ഓ ,തിരുവനന്തപുരം

5. ശ്രീമതി എ.കെ. രാജലക്ഷ്മി, അനിൽ വിഹാർ, തളാപ്പ് പി.ഒ., കണ്ണൂർ - 670002

6.നോഡൽ ഓഫീസർ www.finance.kerala.gov.in

7.സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (ഇ-3686896)

ഉത്തരവിൻ പ്രകാരം
Digitally signed by Sujeev S J
Date: 21-11-2026 12:29:07

സെക്ഷൻ ഓഫീസർ